# 3
# വിദ്വാന്മാരുടെ സന്ദർശനം
## (2:1-12)

യേശുവിന്റെ ജീവിതത്തിലെ പ്രാരംഭ വർഷങ്ങളുടെ ചില ചുരുങ്ങിയ വിശദീകരണങ്ങളാണ് മാത്തായിയുടെ സുവിശേഷം അദ്ധ്യായം 2 നൽകുന്നത്. ലൂക്കൊസിന്റെ സുവിശേഷത്തിൽ (ലൂക്കൊ. 2:1-38) പറയുന്ന, യെരുശലേം ദൈവാലയത്തിലേക്കുള്ള കുടുംബത്തിന്റെ യാത്രയോ, യേശുവിന്റെ പരിഛേദനയോ, ആട്ടിടയന്മാരുടെ സന്ദർശനമോ, ബേത്ലഹേമിൽ യേശു ജനിക്കുന്ന സാഹചര്യങ്ങളോ, മുൻപ് യോസേഫും മറിയയും മിസ്രയിമിൽ താമസിച്ചതിനെ കുറിച്ചോ മത്തായി വിശദീകരിക്കുന്നില്ല. ആ സംഭവങ്ങൾക്ക് ശേഷം സംഭവിച്ചതായിരിക്കണം മത്തായി 2-ൽ രേഖപ്പെടുത്തിയ വിദ്വാന്മാരുടെ സന്ദർശനം.

പല മുഖ്യ വിഷയങ്ങളും ഈ അദ്ധ്യായത്തിൽ കാണാം. ആരാധനക്കു യോഗ്യനായ യെഹൂദന്മാരുടെ രാജാവായിട്ടാണ് ശിശുവായ യേശുവിനെ കാണിക്കുന്നത്. യെഹൂദന്മാരുടെ രാജാവ് തനിക്ക് ഭീഷണിയാകുമെന്നു വിചാരിച്ച്, ഹെരോദാ രാജാവ് മശിഹയെ ഇല്ലാതാക്കുവാൻ പദ്ധതി തയ്യാറാക്കി, എന്നാൽ ദൈവിക ഇടപെടൽ അതിനു തടയിട്ടു. ദൂതന്മാരുടെ മുന്നറിയിപ്പുകളാൽ ദൈവം തന്റെ പുത്രനെ സംരക്ഷിച്ചു. യേശു ജനിച്ച സ്ഥലമായ, ബേത്ലഹേമിൽനിന്നു, അവന്റെ മാതൃദേശമായ നസറേത്തിലേക്ക് മാറുവാനുള്ള പ്രാധാന്യത്തെയും വിശദമാക്കുന്നു.[1] അദ്ധ്യായത്തിനായി പുസ്തകത്തിന്റെ അവസാനം പറയുന്ന പേരുകൾ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു (1:1, 23). യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾ പ്രവചനനിറവേറലാണ്.

### വിദ്വാന്മാരുടെ യെരുശേലിൽ എത്തിച്ചേരൽ (2:1, 2)

**1ഹെരോദാ രാജാവിന്റെ കാലത്ത് യേശു യെഹൂദ്യയിലെ ബേത്ലഹേമിൽ ജനിച്ച ശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരുശലേമിൽ എത്തി. 2"യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു ഞങ്ങൾ അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു."**

**വാക്യം 1.** "മറിയ ഒരു മകനെ പ്രസവിച്ചു" എന്നു മുൻപിലത്തെ വാക്യമായ, മത്തായി 1:25 വ്യക്തമായി പറയുന്നു. അദ്ധ്യായം 2 ന്റെ ആരംഭത്തിൽ, **യേശു യെഹൂദ്യയിലെ ബേത്ലഹേമിൽ ജനിച്ചു** എന്നു മത്തായി പറയുന്നു. യോസേഫും മറിയയും എന്തുകൊണ്ടാണ് അവിടെ എന്നു ലൂക്കൊസ് വിവരിക്കുന്നു. "കുറേന്യാനസ് സുറിയ നാട് വാഴുമ്പോൾ," ഔഗുസ്തോസ് പേർ ചാർത്തലിന്നു കൽപന പുറപ്പെടുവിച്ചിരുന്നു. യോസേഫ് ബേത്ലഹേമുകാരനായിരുന്നതിനാൽ പേർ ചാർത്തലിനായി അവൻ ആ ടൗണിലേക്ക് പോകേണ്ടിയിരുന്നു (ലൂക്കൊ. 2:1-5). യെരുശലേമിനു തെക്ക് ആറു മൈൽ അകലെ

സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ ടൗണായിരുന്നു ബേത്‌ലഹേം. സെബുലൂൻ പ്രദേശത്ത് അതേ പേരിലുള്ള ഒരു ടൗൺകൂടെ ഉണ്ടായിരുന്നതിനാൽ, ആദ്യത്തേതിനെ വേർതിരിച്ചറിയുവാൻ “യെഹൂദ്യയിലെ ബേത്‌ലഹേം” എന്നാണ് വിളിച്ചിരുന്നത് (യോശു, 19:15, 16). ഒരുപക്ഷെ രാജകിയ ഗോത്രമായ യെഹൂദ്യയെ ഊന്നി പറയുവാൻ കൂടെയായിരിക്കാം “യെഹൂദ്യ” എന്ന് എടുത്തു പറഞ്ഞത് (ഉൽപ. 49:10).

ആ പ്രദേശത്തെ ഫലപൂയിഷ്ടത നിമിത്തമായിരിക്കാം “ബേത്‌ലഹേം” എന്നതിന്റെ അർത്ഥം “അപ്പത്തിന്റെ ഗൃഹം” എന്നു വന്നത്. ബി. സി., 1500–ൽ, ധനികമായ ഒരു പൈതൃകം അതിനുണ്ടായിരുന്നു. ദാവീദ് രാജാവ് ജനിച്ചത് ബേത്‌ലഹേമിലായിരുന്നു (1 ശമു.17:12–15). റാഹേൽ തന്റെ ഇളയ മകനായ, ബെന്യാമീനു ജന്മം നൽകിയിട്ടു മരിച്ചുപോയത് അതിനടുത്തുവെച്ചായിരുന്നു (ഉൽപ. 35:16–20; 48:7). മോവാബ്യസ്ത്രീയായിരുന്ന രൂത്തിനെ ബോവസ് കണ്ടുമുട്ടിയതും പിന്നീട് വിവാഹം കഴിച്ചതും ബേത്‌ലഹേമിൽ വെച്ചായിരുന്നു (രൂത്ത്. 1:1, 22; 2:4; 4:13). ശലോമോന്റെ മകൻ രെഹോബയാം, തന്റെ വാഴ്ച്ചക്കാലത്ത് ബേത്‌ലഹേമിനു കോട്ട തീർത്തിരുന്നു (2 ദിന. 11:6). ചില യെഹൂദന്മാർ ബാബേൽ പ്രവാസം കഴിഞ്ഞ് അവിടേക്ക് മടങ്ങി വന്നിരുന്നു (എസ്രാ. 2:21; നെഹ. 7:26).

325–ൽ, കോൺസ്റ്റൻഡൈൻ ചക്രവർത്തി, ഒരു ഗുഹമേൽ സഭാ മന്ദിരം പണിതു, അവന്റെ അമ്മ ഹെലേനാ രാജ്ഞി വിചാരിച്ചത് ക്രിസ്തു ജനിച്ചത് അവിടെയായിരുന്നു[2] എന്നാണ് (പൂരാതനകാലത്ത് ഗുഹകൾ കുതിരാലയങ്ങൾ, തൊഴുത്തുകൾ എന്നിവക്കായി ഉപയോഗിച്ചിരുന്നു). അതു നമ്മെ പുരാതന പാരമ്പര്യത്തിലേക്ക്, ജസ്റ്റിൻ മാർട്ടിറിന്റെ കാലത്തിലേക്ക് കൊണ്ടുപോകുന്നു (സി. 100–സി. 165).[3] അത് ഒരു പാരമ്പര്യം മാത്രമാണെന്ന് ജാക് പിലൂയിസ് സമ്മതിക്കുന്നു, ആ ഗുഹയെ ഇന്ന് “അവന്റെ ജനനം നടന്നു എന്നു പറയുന്ന സ്ഥാനം, വിശുദ്ധ സ്ഥാനങ്ങളിൽ ഒന്നാണ്.”[4] എങ്ങനെയായാലും ആ തിരിച്ചറിയലിനു തീർച്ചയില്ല.

മഹാനായിരുന്ന **ഹെരോദാ**വിന്റെ വാഴ്ച്ചക്കാലത്തായിരുന്നു ക്രിസ്തു ജനിച്ചത്. ആന്റിപാറ്ററിന്റെ മകനായ ഇദൂമിയന്റെ മകനായിരുന്നു ഹെരോദാവ്., അവനെ ജൂലിയസ് സീസർ യെഹൂദ്യയുടെ നാടുവാഴിയായി നിയമിച്ചിരുന്നു. അവന്റെ അമ്മ പാലസ്തീനു തെക്കുകിഴക്കുള്ള ഒരു രാജ്യമായ നാബറ്റിയൻ അറബിക്കാരി സൈപ്രൊസ് ആയിരുന്നു. ആന്റിപാറ്റർ ജൂലിയസ് സീസറെ സ്വാധീനിച്ച് ഹെരോദാവിനെ ബി. സി. 47–ൽ ഗലീലിയിലെ ഇടപ്രഭുവാക്കി നിയമിച്ചു. പർത്ഥർ പാലസ്തീൻ കീഴടക്കിയപ്പോൾ, ഹെരോദാവ് മിസ്രയിമിലേക്ക് ഓടിപ്പോയി. അവൻ പിന്നീട് റോമിലേക്ക് പോയി, അവിടെ വെച്ച് ബി. സി. 40–ൽ – മാർക്ക് ആന്റണിയുടെ സ്വാധീനത്താൽ – അവൻ യെഹൂദന്മാരുടെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു. റോമാ ഗവൺമെന്റിന്റെ സഹായത്താൽ അവൻ പാലസ്തീൻ കീഴ്പ്പെടുത്തി. കുറച്ചു വർഷത്തെ യുദ്ധശേഷം, പാർത്ഥരെ ബി. സി. 37–ൽ ഓടിച്ചുകൊണ്ട് തന്റെ രാജ്യം സ്ഥാപിച്ചു. അതേ വർഷം തന്നെ, ഔഗുസ്തോസ് കൈസർ ഹെരോദാവിന്റെ പ്രദേശം വ്യാപിപ്പിച്ചു ഏതാണ്ട് പാലസ്തീൻ വരെ എത്തി.[5] അവന്റെ വാഴ്ച്ച ബി. സി. 37 മുതൽ ബി. സി. 4 വരെയായിരുന്നു, അപ്പോൾ വലിയ കെട്ടിടനിർമ്മാണ പദ്ധതിയിലും, രാഷ്ട്രീയ ഗൂഢാലോചനയിലും, കുലപാതകത്തിലും സമയം ചെലവിട്ടു. ആ ഭ്രാന്തൻ ഭരണാധികാരി തന്റെ സിംഹാസനത്തിന് എതിരായ ഏതൊന്നിനേ

യും ഭയപ്പെടുവാനുള്ള കാരണം എളുപ്പം മനസിലാകും. അത്തരം മൽസരം ഒഴിവാക്കുവാൻ എന്തു കഠിന പ്രവൃത്തിയും അവൻ ചെയ്യും. വിദ്വാന്മാരുടെ വരവ് അറിഞ്ഞതിനോടുള്ള ഹെരോദാവിന്റെ പ്രതികരണത്തെ കുറിച്ച് ആർ. വി. ജി. ടാസ്ക്കർ എഴുതി, "യെഹൂദരാജാവിന്റെ ആവിർഭാവത്തെ സംയമനത്തോടുകൂടി നേരിടുവാൻ കഴിയുമായിരുന്നപ്പോൾ, അതിന്റെ അനന്തര ഫലത്തെ കുറിച്ച് ഓർത്തപ്പോൾ വലിയ തോതിൽ അവൻ അസ്വസ്ഥനായി തീർന്നിരിക്കണം."[6]

ശിശുവായ യേശുവിനെ നമസ്ക്കരിക്കുവാൻ **കിഴക്കുനിന്നു വന്ന വിദ്വാന്മാരെ** ചുറ്റിപ്പറ്റി പല ചോദ്യങ്ങളും ഉയരാം. അവർ "ജ്ഞാനികളായിരുന്നോ," അതോ "ജോൽസ്യന്മാരോ," അതോ "മന്ത്രവാദികളോ," അല്ലെങ്കിൽ "രാജാക്കന്മാരോ" മറ്റോ ആയിരുന്നോ? അവർ എത്ര പേരായിരുന്നു? അവർ, പ്രത്യേകമായി എവിടെ നിന്നാണ് വന്നത്? ക്രിസ്തുവിനെ അന്വേഷിച്ച് അവർ എപ്പോൾ യെരുശലേമിൽ വന്നു?

അവരെ *തിരിച്ചറിയുന്ന* "വിദ്വാന്മാർ" എന്നതു ഗ്രീക്കിൽ നിന്നു തർജിമ ചെയ്തതു, "ജ്ഞാനികൾ," (കെജെവി), "ജോൽസ്യന്മാർ," (എൻഈഎബി), "നക്ഷത്രങ്ങളെ കുറിച്ചു പഠിച്ചവർ" (റ്റിഈവി). ഗ്രീക്ക് വാക്കിനെ കുറിച്ച് ലിയോൺ മോറിസ് എഴുതി,

> ആരംഭത്തിൽ [*മാഗോസ്*] എന്ന് വിളിക്കുവാൻ തുടങ്ങിയത് മാഗോയി ഗോത്രക്കാരെയാണ്; പിന്നീട് മാഗിയൻ പരിശീലനം നടത്തിയ അംഗങ്ങളുള്ള ഒരു ജാതിയായി അവരെ അറിയപ്പെട്ടു, അതിനുശേഷം പൊതുവിൽ മന്ത്രവാദം നടത്തുന്നവരെയെല്ലാം മാഗികൾ എന്നു വിളിച്ചു വന്നിരുന്നു (പ്രവൃത്തികൾ 13:6, 8). അതിൽനിന്നു വേർപിരിഞ്ഞു കിട്ടിയ വാക്കാണ് "മാജിക്ക്"[7]എന്നത്.

വിശുദ്ധ ജാതിയിൽ (പുരോഹിത വർഗം) പെട്ടവരായിരിക്കാം യേശുവിനെ സന്ദർശിക്കുവാൻ വന്ന വിദ്വാന്മാർ, അവർ മേദ്യരായിരുന്നേക്കാം, പക്ഷെ മാഗി എന്ന വാക്ക് മറ്റു തത്വചിന്തകന്മാർക്കും ഉപയോഗിച്ചിരുന്നു. മാഗി എന്ന വാക്ക് ജ്യോതിശാസ്ത്രജ്ഞന്മാർക്കും, നക്ഷത്രഫലം പറയുന്നവർക്കും ഉപയോഗിച്ചിരുന്നു. ഹെരോദോത്തസ്, മേദ്യരുടെ ഗോത്രങ്ങളിൽ പെട്ട ഒരു കൂട്ടമായിട്ടാണ് മാഗിമാരെ പ്രഖ്യാപിച്ചിരുന്നത്, അതേ സമയം പാർസികളുടെ ചടങ്ങുകളുമായി ബന്ധപ്പെട്ടും ആ വാക്ക് ഉപയോഗിച്ചിരുന്നു.[8] അത്തരം ചടങ്ങുകളിൽ ഏർപ്പെട്ടവർ ഭാവിയിൽ അറിയപ്പെട്ടതായിരിക്കാം "ജ്ഞാനികൾ" എന്ന്. മത്തായി പറഞ്ഞ ആ ആളുകൾ ആരായിരുന്നു എന്ന് കൃത്യമായി പറയുക അസാധ്യമാണ്.

എങ്ങനെയായാലും, ആ വിദ്വാന്മാർ രാജാക്കന്മാരായിരുന്നില്ല എന്ന് നമുക്ക് ഉറപ്പിച്ചു പറയാം. ഹെരോദോത്തസ് പറഞ്ഞതനുസരിച്ച്, മാന്ത്രികർ പാ

ർസികളെ മറിച്ചിടുവാൻ[9] ശ്രമിച്ചുവെങ്കിലും; അവരുടെ ശ്രമം പരാജയപ്പെട്ടു. പിന്നീട് അവർ പാർസി രാജാക്കന്മാരുടെ ആത്മിയ ഉപദേഷ്ടാക്കന്മാരും നിർദ്ദേശകന്മാരുമായി. അവർ രാജാക്കന്മാരായിരുന്നു എന്നതിന് തെർത്തുല്യന്റെ പഴക്കമുണ്ട് (രണ്ടാം നൂറ്റാണ്ടിന്റെ അവസാനം).[10] അത് ബൈബിളിലെ ചില വേദഭാഗങ്ങൾ മനസിലാക്കാത്തതിന്റെ ഫലമായി ഉണ്ടായതുമാണ് (ഉദാഹരണമായി, യെശ. 60:3–11; സങ്കീ. 68:29; 72:10, 11, 15; വെളി. 21:24). ഒരു ക്രിസ്തുമസ് ഗാനത്തിലെ പ്രയോഗത്തെ കുറിച്ച് വില്യം ഹെൻഡ്രിക്സൺ പറയുന്നു, "ഇംഗ്ലീഷിലെ വരികൾ, 'വി ത്രീ കിങ്സ് ഓഫ് ഓറിയന്റ് ആർ'ബിലോങ്സ് ടു ദ സെയിം വാസ്റ്റ് കലക്ഷൻ ഓഫ് ലിജെന്ററിയുലെടൈഡ് ലോർ ടു വിച്ച് ബിലോങ്സ് ആൾസോ 'ബട്ട് ലിറ്റിൽ ലോർഡ് ജീസസ് നോ ക്രൈയിങ് ഹീ മേക്സ്.' "[11]

*അവരുടെ ആരംഭം.* ആ പുരുഷൻമാർ എപ്പോൾ വന്നു എന്നതു രഹസ്യമായിരിക്കുന്നതുപോലെ അവർ എവിടെനിന്നു വന്നു എന്നതും രഹസ്യമായിരുന്നു. അവിടെ ഉപയോഗിച്ച "കിഴക്കു നിന്ന്" എന്നത് അനിശ്ചയമാണ്. ഗ്രീക്ക് പ്രയോഗം കൂടുതൽ അക്ഷരികമായി തർജിമ ചെയ്യാവുന്നത്, "സൂര്യൻ ഉദിക്കുന്ന ദിക്കിൽനിന്ന്" എന്നത് ആസ്യയിലേ പ്രയോഗമാണ്. എച്ച്. ലിയോബോൾസ് എഴുതി, "ദ 'ഈസ്റ്റ്' അർത്ഥമാക്കുന്നത് ഒന്നുകിൽ അറേബ്യ, പാർസി, കൽദയ അല്ലെങ്കിൽ, പാർത്ഥയും പാലസ്തീന് അടുത്തുള്ള സ്ഥലവുമാകാം."[12] ചുരുങ്ങിയത് ഒരു സഭാ എഴുത്തുകാരൻ, ജസ്റ്റിൻ മാർട്ടിർ (സി. 100–165) പറഞ്ഞത് വിദ്വാന്മാർ അറബിയിൽനിന്നു വന്നു എന്നാണ്.[13] മറ്റു പലരും, ഉദാഹരണമായി ക്ലെമന്റ് ഓഫ് അലെക്സാൺഡറും (സി. 150–സി. 215) ക്രിസോട്ടവും (സി. 347–407) പറഞ്ഞത് അവർ വന്നത് പാർസിയിൽനിന്നാണ് എന്നത്രെ.[14]

*അവരുടെ വർഗീയത്വം.* വിദ്വാന്മാർ ജാതികളായിരുന്നു എന്നാണ് പാരമ്പര്യം വിചാരിച്ചിരുന്നത്.[15] ഡഗ്ലസ് ആർ. എ. ഹെയർ പറഞ്ഞു, "അവരുടെ ചോദ്യം, അവരുടെ ആരംഭം, തൊഴിൽ എന്നിവ സൂചിപ്പിക്കുന്നത് അവർ ജാതികളായിരുന്നു എന്നാണ്: ദാവീദിന്റെ പട്ടണത്തിലാണ് ദാവീദിന്റെ വലിയ പിൻഗാമി ജനിക്കുന്നത് എന്ന് അവരോട് പറഞ്ഞിരിക്കണം."[16] അത് അങ്ങനെയാണെങ്കിൽ, ക്രിസ്തുവിന്റെ ദൗത്യം സകലജാതികൾക്കുമുള്ളതാണെന്ന് മത്തായി വിശദമാക്കുമായിരുന്നു (1:3 ന്റെ പരാമർശം നോക്കുക).

എന്നിരുന്നാലും, സന്ദർശകരായിരുന്ന വിദ്വാന്മാർ ജാതികളായിരുന്നു എന്ന് തീർച്ചയില്ല. "മാഗി" എന്ന വാക്ക് മാജിക് എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നതു നിമിത്തവും, പിന്നീട് അതു വഞ്ചനക്കായി ഉപയോഗിച്ചതു നിമിത്തവും രാജാക്കന്മാരുടെ ഉപദേഷ്ടാക്കളെയും ആ പേരിൽ അറിയപ്പെട്ടിരുന്നു. ഒരു യെഹൂദ പ്രവാസിയായിരുന്ന ദാനിയേൽ, ബാബേലിൽ അത്തരം സേവനം നടത്തിയിരുന്നു (ദാനി. 2:1–12, 27, 48, 49; LXX ). കിഴക്കുനിന്നു വന്ന വിദ്വാന്മാർ ജാതികളായിരുന്നു എന്നതിനു തെളിവില്ല. കാരണം ബി. സി. എട്ടു മുതൽ ആറു നൂറ്റാണ്ടുവരെ യെഹൂദന്മാർ അങ്ങിങ്ങായി വിദേശത്തേക്ക് ചിതറിപ്പോയിരുന്നു. അനേകം പേർ "മേദ്യയുടെ പട്ടണങ്ങളായ" അശൂര്യയിലേക്കും ബാബേലിലേക്കും നാടുകടത്തപ്പെട്ടിരുന്നു (2 രാജാക്കന്മാർ 17:6; 24:15; എസ്ഥേർ 1:1; 9:2). പെന്തെകൊസ്തുനാളിൽ,വന്നു ചേർന്ന പുരുഷന്മാരിൽ തീർച്ചയായും യെഹൂദന്മാർ ഉണ്ടായിരുന്നു (പ്രവൃത്തികൾ 2:5) അവർ "പർത്ഥരും, മേദ്യരും, എലാമ്യരും, മെസപ്പൊത്താമ്യക്കാരുമായിരുന്നു" (പ്രവൃ

ത്തികൾ 2:9). ആ സ്ഥലങ്ങളെല്ലാം കിഴക്കുള്ളതായി കണക്കാക്കാം.

*അവരുടെ സംഖ്യ*. കൃത്യമായി എത്ര വിദ്വാന്മാരാണ് ഉണ്ടായിരുന്നത്? മൂന്നു കാഴ്ച്ചകൾ നൽകിയതിന്റെ വെളിച്ചത്തിൽ മൂന്നുപേരാണ് ഉണ്ടായിരുന്നത് എന്ന് ചിലർ വിശ്വസിക്കുന്നു (2:11).[17] അവയുടെ പേരും പറഞ്ഞിരിക്കുന്നു – പൊന്നും, മൂരും, കുന്തുരുക്കവും – അത് ഗ്രീക്കുകാർക്കിടയിൽ ആറാം നൂറ്റാണ്ടുവരെ നിലനിന്നിരുന്നതായി കാണാം.[18] വിദ്വാന്മാരുടെ അംഗസംഖ്യ പ്രാധാന്യമുള്ള കാര്യമല്ല, എന്നാൽ അവർ വന്നതിന്റെ ഉദ്ദേശമാണ് പരമപ്രധാനം. അവർ പുതിയ രാജാവിനെ നമസ്ക്കരിക്കുവാനാണ് വന്നത്.

അവരുടെ എത്തിച്ചേരൽ. വിദ്വാന്മാർ പാലസ്തീനിൽ വന്ന്, യെരുശലേമിലേക്കുള്ള വഴിയായി പോയി. ഡൊണാൾഡ് ഏ. ഹാഗ്നെർ പറഞ്ഞു,

> മീഖായുടെ വേദഭാഗം വായിച്ച് മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും വിദ്വാന്മാരെ കുറിച്ച് അറിവില്ലായിരുന്നു, എന്നാൽ പുതിയ രാജാവ് തലസ്ഥാന നഗരിയിൽ ജനിക്കുവാനിരിക്കുന്നു എന്ന് അവർ കരുതിയിരുന്നു. അതുകൊണ്ട് അവർ ... "യെരുശലേമിലേക്ക് പോകുന്നു." അവർ പോകുന്നതിന്റെ ഉദ്ദേശം മനസിലാക്കിയ ഹെരോദാവ് അവരെ വിളിപ്പിച്ചു, (വാ. 7) മടങ്ങി വരുമ്പോൾ തന്റെ അടുക്കൽ വരുവാൻ കൽപിച്ചു എങ്കിലും, അവർ പോയില്ല (വാ. 3).[19]

വിദ്വാന്മാർ എപ്പോഴാണ് യെരുശലേമിൽ എത്തിയത്? ശിശുവായ യേശു പുൽത്തൊട്ടിയിൽ കിടക്കുന്നതും അവന്റെ അമ്മയപ്പന്മാർ അവനെ ലാളിച്ച്, തൊഴുത്തിലുള്ള മൃഗങ്ങളെയും, ഇടയന്മാരെയും, ആ മൂന്നു വിദ്വാന്മാരെയും നോക്കുന്ന കാഴ്ച്ചയാണ് നമ്മിലേക്ക് വരുന്നത്. പക്ഷെ അങ്ങനെയല്ല കാര്യങ്ങൾ. കാരണം, യേശു ബേത്ലഹേമിൽ ജനിച്ചിട്ട് മാസങ്ങളോ, ഒരു വർഷത്തിലധികമോ കഴിഞ്ഞിരിക്കയാണ് (ലൂക്കൊ. 2:1–20). വിദ്വാന്മാർ എത്തുന്നതുവരെ, ആ കുടുംബം ഒരു വീട്ടിലായിരുന്നു താമസിച്ചിരുന്നത് (2:11).

**വാക്യം 2**. വിദ്വാന്മാർ യെരുശലേമിൽ എത്തിയ ഉടനെ യേശുവിനെ കുറിച്ച് അന്വേഷിച്ചു. **"യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?"** എന്നതായിരുന്നു അവരുടെ ചോദ്യം. 2:1 ന്റെ അവസാനം "പറയുന്നു" എന്നത് തുടർ പ്രവൃത്തിയെ കാണിക്കുകയാണ്. ഒരിക്കൽ മാത്രമല്ല അവർ ആ ചോദ്യം ചോദിച്ചത്; അസംഖ്യം പ്രാവശ്യം അവർ ആ ചോദ്യം ചോദിക്കയുണ്ടായി. ആ പ്രത്യേക ചോദ്യം ചോദിക്കണമെന്ന് അവർക്ക് എങ്ങനെ അറിയാം? നക്ഷത്രത്തെ കുറിച്ചുള്ള പ്രവചനം സ്പഷ്ടമായും അവർക്ക് അറിയാമായിരുന്നു (സംഖ്യാ. 24:17) എങ്കിലും, മശിഹ ജനിക്കുന്ന സ്ഥലത്തെ കുറിച്ചുള്ള പ്രവചനം അവർക്ക് അറിയില്ലായിരുന്നു (മീഖാ. 5:2). ആ സമയത്ത് ഒരു യെഹൂദ ഭരണാധികാരി ഉടനെ വരുമെന്ന പ്രതീക്ഷയിലായിരുന്നു ജനം എന്ന് റോമൻ ചരിത്രകാരന്മാരുടെ എഴുത്തുകൾ സാക്ഷീകരിക്കുന്നു. ആ പ്രവചന മുന്നറിയിപ്പു പ്രകാരം ഒരു വലിയ രാജാവ് വന്ന് പ്രപഞ്ചം മുഴുവൻ ഭരിക്കുമെന്ന കാഴ്ച്ചപ്പാടാണുണ്ടായിരുന്നത്.[20] ലൂയിസ് പറഞ്ഞു, " 'യെഹൂദന്മാരുടെ രാജാവായി പിറക്കുന്നവൻ എവിടെ' (27:11) എന്ന വിദ്വാന്മാരുടെ ചോദ്യം ഹെരോദാവിന്റെ നിലപാടിനു വിരുദ്ധമായിരുന്നു, വാളിന്റെ ശക്തികൊണ്ട് എതിരാളികളെ ഇല്ലാതാക്കിയാണ് അവൻ തന്റെ രാജധാനി കയ്യടക്കിയത്."[21]

പുതിയ രാജാവ് ജനിച്ചതെവിടെ എന്നു ചോദിച്ച വിദ്വാന്മാർ, **"അവന്റെ**

**നക്ഷത്രം ഞങ്ങൾ കിഴക്ക് കണ്ടു"** എന്നുകൂടെ പറഞ്ഞു. "കിഴക്ക്" എന്നതിനു പകരം ചില തർജിമകളിൽ "ഉദിക്കുന്നതായി" അല്ലെങ്കിൽ അതിനു സമാനമായ പ്രയോഗങ്ങളാണുള്ളത്. ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും പറഞ്ഞതനുസരിച്ച്, "വിദ്വാന്മാർ നിരീക്ഷിച്ചത് വിവരിക്കുന്നത് സാങ്കേതികമായ പ്രയോഗത്താലായിരുന്നു ... ഗ്രീക്ക് വാക്ക് [*അനാടോലേ*] ക്രിസ്തീയ സാഹിത്യങ്ങൾക്കു-മുൻപുണ്ടായിരുന്ന പ്രയോഗമായിരുന്നു സൂര്യന്റേയും മറ്റു നക്ഷത്രങ്ങളുടേയും ഉദിക്കൽ എന്നത്"[22] ഹാഗെർ ചൂണ്ടി കാണിച്ചു, "മഹാന്മാരുടെ ജനനവും (മരണവും) നക്ഷത്രങ്ങളുടെ ആവിർഭാവം എടുത്തുകൊണിച്ചുകൊണ്ടായിരിക്കും പൊതുവിൽ എന്നു കണക്കാക്കുന്നു ... മത്തായി പറയുന്നത് അക്കാലത്തുള്ളവരുടെ കാലത്തിലോ ... നമ്മുടെ കാലത്തിലോ സാധാരണ സംഭവിക്കുന്ന ഒന്നല്ല എന്നു സ്പഷ്ടം."[23]

സംഖ്യാപുസ്തകം 24:17 മത്തായി ഉദ്ധരിച്ചിട്ടില്ലെങ്കിലും, ആ വേദഭാഗത്തു പറഞ്ഞിരിക്കുന്ന പ്രവചന നിറവേറലായിരുന്നു വിദ്വാന്മാർ കണ്ട "നക്ഷത്രം" എന്നാണ് പൊതുവിൽ വിശ്വസിക്കപ്പെടുന്നത്: "യാക്കോബിൽനിന്നു ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽനിന്നു ഒരു ചെങ്കോൽ ഉയരും." യെഹൂദന്മാരും[24] ക്രിസ്ത്യാനികളും[25] അത് ഒരു മശിഹാ പ്രവചനമായി കണക്കാക്കുന്നു. സംഖ്യാപുസ്തകം 24:17 ലെ പ്രവചനം വിദ്വാന്മാർക്ക് എങ്ങനെ അറിയാമായിരുന്നു? വാസ്തവത്തിൽ, എന്തിനുവേണ്ടിയായിരുന്നു അവർ മശിഹക്കുവേണ്ടി കാത്തിരുന്നത്? കൂടാതെ, പുതുതായി ജനിക്കുന്ന രാജാവിനെ "നമസ്ക്കരിക്കുവാൻ" അവർ എന്തിനാണ് ഇത്രയും ദൂരം യാത്ര ചെയ്തത്? അവർ യെഹൂദമതാനുസാരികളായിരുന്നോ? അതോ അവർ വിശ്വാസികളായ "ദൈവഭയമുള്ള" ജാതികളായിരുന്നോ? ദാനിയേലിനെ പോലെ അവർ യെഹൂദന്മാരുടെ പങ്ക് പൂർണ്ണമായി പാലിച്ചവരായിരിക്കുവാനും സാധ്യതയില്ലേ? ആ ചോദ്യങ്ങൾക്ക് ഒന്നിനും ഉത്തരം നൽകുവാൻ കഴിഞ്ഞിട്ടില്ല. ആന്തരിക തെളിവ് തീർച്ചയില്ലാതെ വരുമ്പോൾ, നമുക്ക് ബാഹ്യമായ തെളിവിൽ തൃപ്തിപ്പെടേണ്ടി വരും.

പ്രത്യക്ഷമായ നക്ഷത്രത്തെ നാം എങ്ങനെ വിശദീകരിക്കും? പ്രസിദ്ധനായ ജ്യോതിശാസ്ത്രജ്ഞൻ ജോഹനാസ് കെപ്ലർ (1571–1630) 1603 നും 1604 നും ഇടക്ക് വ്യാഴവും ശനിയുമായും, ഒരു വർഷത്തിനുശേഷം, ചൊവ്വയുമായും കൂട്ടിമുട്ടിയതായി നിരീക്ഷിച്ചു. എണ്ണൂറു വർഷത്തിൽ ഒരിക്കൽ സംഭവിക്കുന്ന പ്രതിഭാസമാണ് അത്. അതു സംഭവിക്കുമ്പോൾ, വ്യാഴത്തിനും ശനിക്കുമിടക്ക് പ്രകാശമുള്ള ഒരു നക്ഷത്രം പ്രത്യക്ഷമാകും എന്നുകൂടെ കെപ്ലർ പറഞ്ഞു. അദ്ദേഹത്തിന്റെ പഠനം അനുസരിച്ച് ക്രിസ്തുവിന്റെ ജനനത്തിൽ വിദ്വാന്മാർ ദർശിച്ചതായ നക്ഷത്രം ഇതാണെന്ന് അദ്ദേഹം പറയുന്നു.

മറ്റൊരു ജ്യോതിശാസ്ത്രജ്ഞൻ, കാൾ വിയെസ്ലേർ (1813–1883), ചൈനക്കാരുടെ ജ്യോതിശാസ്ത്ര ടാബ്ലറ്റനുസരിച്ച് ക്രിസ്തു ജനിച്ചപ്പോൾ, ഒരു പുതിയ നക്ഷത്രം ആണു കാണപ്പെട്ടതു എന്നു വാദിച്ചു. അടുത്ത സമയത്ത് കോളിൻ ഹംഫ്രെയിതസ് ബി. സി. 5-ൽ ചൈനിസ് രേഖകൾ ഉദ്ധരിച്ച്, ക്രിസ്തുവിന്റെ ജനനസമയത്ത് ഒരു വാൽ നക്ഷത്രം എഴുപതു ദിവസത്തോളം കാണപ്പെട്ടത് – വിദ്വാന്മാർക്ക് കിഴക്കുനിന്നു സഞ്ചരിച്ച് യെരുശലേമിലെത്തുവോളം – കാണപ്പെട്ടതായി വാദിച്ചു.[26]

ഇപ്പോഴും ഹാലിയുടെ വാൽനക്ഷത്രം ആകാശത്തിൽ മിന്നിത്തിളങ്ങി, കാണപ്പെട്ടത് ബി. സി. 11 ലാണെന്നാണ് മറ്റുള്ളവർ പറയുന്നത്. വെറെ ചിലർ

പറയുന്നത് "ഒരു ഉൽക്ക വിദ്വാന്മാർക്ക് മുന്നോടിയായി പോയി, യേശു ജനിച്ച വീടിനു മുകളിൽ നിന്നു എന്നുമാണ്." ബി. സി. 5 നും 2 നും ഇടക്ക് ഒരു അസാധാരണ ജ്യോതിശാസ്ത്ര പ്രതിഭാസം സംഭവിച്ചതായി വില്യം ബാർക്ലേ പറഞ്ഞു. മിസ്രയിമ്യരുടെ മാസമായ "മെസോറി" യുടെ ആദ്യദിവസം എന്ന തിനർത്ഥം "ദ ഡോഗ്സ്റ്റാർ സീരിയസ്" "ഹെലിയാക്കലി എഴുന്നേൽക്കും, അതായത്, സൂര്യോദയത്തിൽ, അത്യുജ്ജ്വലമായി പ്രകാശിക്കയും ചെയ്യും."[27] ജോൺ മോക് ആർദർ, ജൂനിയർ., അതിശയിച്ചു, "അത് കർത്താവിന്റെ തേജസ് ആയിരിക്കാം – ദൂതൻ ഇടയന്മാർക്ക് പ്രത്യക്ഷനായപ്പോൾ ഉണ്ടായതായ അതേ തേജസായിരിക്കാം (ലൂക്കൊ. 2:9)," എന്നാൽ അവൻ കൂട്ടിച്ചേർത്തു, "ബൈബിൾ ആ നക്ഷത്രത്തെ വിശദീകരിക്കാത്തിടത്തോളം, നമുക്ക് തീർച്ചപ്പെടുത്തുവാൻ സാധ്യമല്ല."[28]

വിദ്വാന്മാർ കിഴക്കുനിന്നു വന്നത് ക്രിസ്തുവിനെ **നമസ്ക്കരിക്കു**വാനായിരുന്നു. "നമസ്ക്കാരം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പ്രോസ്കുനെയോ*) മത്തായിയുടെ സുവിശേഷത്തിൽ പതിമൂന്നു പ്രാവശ്യം കാണാം (2:2, 8, 11; 4:9, 10; 8:2; 9:18; 14:33; 15:25; 18:26; 20:20; 18:9, 17). ആ വാക്കിൽനിന്നു ഉരുത്തിരിഞ്ഞു വന്നതാണ് "കിസ്," "ടുവേർഡ്" എന്നിവ. "*പ്രോസ്കുനേയോ*വിൽനിന്നു വന്ന ആചാരമാണ്, ഒരാൾ ആളുകളുടെ മുമ്പിൽ കുമ്പിട്ട് പാദത്തിൽ തലതൊടുകയോ, വസ്ത്രത്തിന്റെ അഗ്രത്തിലോ തറയിലോ തലകുനിക്കുക എന്നത്." അതിനർത്ഥം "മറ്റൊരാളുടെ മുമ്പിൽ താഴുക, ബഹുമാനത്തിനായി തന്നെത്തന്നെ കുനിയിക്കുക എന്നതാണ്"[29] അതു എപ്പോഴും മതപരമായ ആരാധനയെ സൂചിപ്പിക്കണമെന്നില്ല. രാഷ്ട്രീയമായി രാജാവിനെ ബഹുമാനിക്കുവാനായിരിക്കാം വിദ്വാന്മാർ വന്നത്. ആ ശിശുവിന്റെ അത്ഭുത പ്രത്യക്ഷത നിമിത്തം ആത്മിയമായി അവർ അവനെ നമസിക്കരിച്ചുവെന്നതു തള്ളിക്കളയുവാൻ കഴിയുകയില്ല. വേദഭാഗം ആ കാഴ്ച്ചപ്പാടിനെ അനുകൂലിക്കുന്നു.

## ഹെരോദാവ് മതാദ്ധ്യക്ഷന്മാരെ വിളിപ്പിക്കുന്നു (2:3-6)

**3ഹെരോദാ രാജാവ് ഇതു കേട്ടിട്ട് അവനും യെരൂശലേം ഒക്കെയും ഭ്രമിച്ചു. ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തി;4 ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നത് എന്ന് അവരോട് ചോദിച്ചു. അവർ അവനോട്,5 "യെരുശലേമിലെ ബേത്ലഹേമിൽ തന്നെ.**

**6"'യഹൂദ്യ ദേശത്തിലെ ബേത്ലഹേമേ, നീ യെഹൂദാ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല;**
**എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള ഒരുവൻ നിന്നിൽനിന്നു പുറപ്പെട്ടുവരും എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.' "**

**വാക്യം 3.** വിദ്വാന്മാർ "യെഹൂദന്മാരുടെ രാജാവ്" എന്നു പറയുന്നതു കേട്ടപ്പോൾ, **ഹെരോദാവ് ഭ്രമിച്ചു**. ഹെരോദാവിനെ കുറിച്ച് അറിയാവുന്നവർക്ക് ആ ഭ്രമം മനസിലാക്കുവാൻ പ്രയാസമില്ല. അവൻ ഏതു വിധേനയും അധികാരം പിടിച്ച് നിർത്തുവാൻ ശ്രമിച്ചവനായിരുന്നു. ഏതു വളഞ്ഞ വഴി

ഉപയോഗിച്ചും സമാധാനം നിലനിർത്തുവാൻ വെമ്പൽ കൊണ്ടിരുന്നു. അവനു ധാരാളം ശത്രുക്കളുണ്ടായിരുന്നു, പ്രത്യേകിച്ച് അവൻ ഭരിച്ച യെഹൂദന്മാരിൽ നിന്ന്. അവരിൽനിന്നു ഒരു ചെറിയ എതിർപ്പ് പോലും ശക്തമായ ഭയത്തോ ടെയാണ് ഹെരോദാവ് കണ്ടിരുന്നത്.

ഹെരോദാവിനോടുള്ള സൗഹൃദം നിമിത്തം **അവനോടൊപ്പം യെരുശലേം ഒക്കെയും** "ഭ്രമിച്ചു" എന്നാണ് പറഞ്ഞിരിക്കുന്നത്. ഭരണത്തിൽ അപ്പോൾ ഒരു മാറ്റം ആഗ്രഹിക്കാത്ത ചിലർ ഉണ്ടായിരുന്നു എന്നത് വാസ്തവമാണ്, എന്നാൽ ക്രമേണ ഒരു മാറ്റം പലരും ആഗ്രഹിച്ചു. പുതുതായി ജനിക്കുന്ന യെഹൂദ രാജാവിനെ കുറിച്ചുള്ള വാർത്ത ഹെരോദാവ് കേൾക്കുമ്പോഴുണ്ടാകുന്ന പ്ര തികരണത്തെ ഓർത്തു ഭയപ്പെടുകയായിരിക്കാം ആളുകൾ അധികവും. മുൻപ് അവനിൽനിന്നുണ്ടായ ക്രൂര സംഭവങ്ങളെല്ലാം അവർക്ക് അനുഭവമുണ്ടായി രുന്നതാണ്. തന്റെ ഭരണത്തിനു ഭീഷണിയാണെന്നു കാണുന്ന ഏതൊന്നിനെ യും ഹെരോദാവ് എന്തു ഹീനപ്രവൃത്തി ചെയ്തും തടയുവാൻ നോക്കും. മാക്ക് ആർദർ പറഞ്ഞു,

ദാസന്മാരെ കുറിച്ചുള്ള ... വിചാരമായിരുന്നില്ല ജനത്തിന് അധികവുമു ണ്ടായിരുന്നത്, മറിച്ച് അവരോടുള്ള ഹെരോദാവിന്റെ പ്രതികരണത്തെ കുറിച്ചാ യിരിക്കാം അവരുടെ വിചാരം. മുൻപ് അവർക്ക് ഹെരോദാവിൽനിന്നുണ്ടായ അനുഭവം നോക്കുമ്പോൾ, അനേകം നിരപരാധികളുടെ രക്തം ചിന്നിച്ചവനായി രുന്നു. തന്റെ ശത്രു വാസ്തവത്തിൽ ആരാണെന്ന് തിരിച്ചറിയുന്നതിൽ അവന് പ്രത്യേക ശ്രദ്ധയുണ്ടായിരുന്നില്ല. തന്റെ അധികാരത്തിനോ ശക്തിക്കോ ഭീഷ ണിയാണെന്ന് സംശയം തോന്നിയാൽ പോലും അത് അപകടമായിട്ടായിരുന്നു അവൻ കണക്കാക്കിയിരുന്നത്. എതിരാളികളെ ഇത്തരത്തിൽ തുടച്ചു നീക്കുവാനു ള്ള അവന്റെ ശ്രമത്തിൽ ഒട്ടനവധി നിരപരാധികളെ അവൻ നശിപ്പിച്ചിട്ടുണ്ട്. തങ്ങ ളുടെ സ്വന്തജീവനെ ഓർത്താണ് ആളുകൾ ഭയപ്പെട്ടിരുന്നത്.[30]

മോറിസ് പറഞ്ഞു, "മഹാനായിരുന്ന ഹെരോദാവ് ഭ്രമിച്ചപ്പോൾ, പട്ടണം മുഴുവൻ വിറെച്ചു."[31]

**വാക്യം 4**. ഹെരോദാവ് മതപരമായ ഒരു മനുഷ്യനായിരന്നില്ലെങ്കിലും, യെഹൂദ തിരുവെഴുത്തുകളെയും പാരമ്പര്യത്തെയും നന്നായി അറിയാവുന്ന വനായിരുന്നു. വരുവാനിരിക്കുന്ന മശിഹയെ കുറിച്ചുള്ള പ്രവചനത്തെയും അവന് അറിയാമായിരന്നു. പക്ഷെ അവനു മീഖായുടെ പ്രവചനം അറിയില്ലാ യിരുന്നു (2:6). **മശിഹ എവിടെ ജനിക്കുമെന്ന്** അവന് അറിവില്ലാതിരുന്നതു നിമിത്തം, അതറിയാവുന്ന **മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും അവൻ വിളിപ്പിച്ചു**.

യെഹൂദ മതത്തിലെ അന്നത്തെ ആലോചനാ സംഘമായ ന്യായാധിപസ ഭയിലെ അംഗങ്ങളോടായിരിക്കാം ഹെരോദാവ് ചോദിച്ചറിഞ്ഞത്. ആ ആലോ ചനാ സംഘത്തിലെ വേദശാസ്ത്രപരമായ വിഭാഗമായിരുന്നു "മഹാപുരോഹി തന്മാരും ശാസ്ത്രിമാരും." ന്യായാധിപസഭയുടെ മുഴുവൻ യോഗമല്ല വിളിച്ചത് കാരണം "മൂപ്പന്മാരെ" വിളിച്ചില്ല എന്ന കാരണമാണ് ഹാഗ്നെർ പറയുന്നത്.[32]

"മഹാപുരോഹിതന്മാരിൽ" ഔദ്യോഗിക മഹാപുരോഹിതനും, മുൻപ് മഹാപുരോഹിതന്മാരായിരുന്നവരും, മഹാപുരോഹിത കുടുംബത്തിൽ പെട്ട വരും ഉൾപ്പെടുന്നതാണ് (പ്രവൃത്തികൾ 4:6). ലൂയിസ് വിവരിച്ചു,

ന്യായപ്രമാണപ്രകാരം ഏക വ്യക്തിയായിരുന്നു മഹാപുരോഹിനായി

പ്രവർത്തിച്ചിരുന്നത്, അതായിരുന്നു പാരമ്പര്യം, ആയുഷ്ക്കാലത്തേക്കു മായിരുന്നു അയാളുടെ സേവനം. റോമൻ ഭരണാധികാരികളും, റോമാ രാജകുമാരിമാരും ചാപല്യഭ്രമുള്ളവരെ മഹാപുരോഹിതന്മാരാക്കുകയോ ആക്കാതിരിക്കുകയോ ചെയ്തിരുന്നു. പുതിയനിയമ കാലയളവിൽ ഇരുപത്തി-യെട്ടു മഹാപുരോഹിതന്മാരുണ്ടായിരുന്നതായി ജോസെഫസ് പറയുന്നു, പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന വാക്ക്, *ആർച്ചിയെറിസ്* ബഹുവചനമാണ്.[33]

ന്യായപ്രമാണമനുസരിച്ച്, അഹരോന്റെ പിൻഗാമികളായി, ലേവ്യാ ഗോത്രത്തിൽനിന്നുള്ളവരെയാണ് പുരോഹിതന്മാരാക്കി നിയമിച്ചിരുന്നത് (പുറ. 28:1; 29:9). ഇന്നു സഭയിൽ മൂപ്പന്മാരെ സഹായിക്കുന്ന ശുശ്രൂഷകന്മാരെ പോലെയായിരുന്നു അന്നത്തെ മറ്റു ലേവ്യർ, അവർ മഹാപുരോഹിതന്മാരെ സഹായിക്കണമായിരുന്നു. അഹരോന്റെ പിൻഗാമിയായ ഏറ്റവും മൂത്ത സന്തതിയായിരുന്നു മഹാപുരോഹിതനായി തീരേണ്ടത്, അതായിരുന്നു കാലാകാലങ്ങളായി എന്നേക്കുമുള്ള നിയമം (പുറ. 29:29, 30; സംഖ്യാ. 20:28; 25:11–13; ആവർ. 10:6). ക്രിസ്തുവിന്റെ സമയമായപ്പോഴേക്കും, അതെല്ലാം മാറി. മഹാപുരോഹിതന്മാരെ നിയമിക്കുന്നത് റോമൻ അധികാരികളുടേയും, ഹെരോദ്യാ രാജാക്കന്മാരുടേയും നിയന്ത്രണത്തിലായി. സ്പഷ്ടമായും, യേശുവിനെ ക്രൂശിൽ തറച്ച സമയത്ത് രണ്ട് മഹാപുരോഹിതന്മാരുണ്ടായിരുന്നു: യെഹൂദന്മാരുടെ നിയമപരമായ മഹാപുരോഹിതനായിരുന്നു അനന്യാസ്, എന്നാൽ അവന്റെ മരു – മകനാ – യിരുന്ന കയ്യഫാവ്, അനന്യാസിനെ സ്ഥാനഭ്രഷ്ടാക്കിയപ്പോൾ, റോമാക്കാർ നിയമിച്ചവനായിരുന്നു (ലൂക്കൊ. 3:2; യോഹ. 18:13, 14, 24, 28).

യൊയാക്കിം യിരെമ്യാസ് “മഹാപുരോഹിതന്മാരെ” തിരിച്ചറിയുന്നത് അൽപം വ്യത്യസ്തമായ വ്യാഖ്യാനപ്രകാരമാണ്, തെളിവുകൾ പരിശോധിച്ച്, അയാൾ പറഞ്ഞു,

> ദൈവാലയത്തിന്റെ പുറമെയുള്ള ഏർപ്പാടുകൾക്കും ആരാധനയുടെ നടത്തിപ്പിനും ഉത്തരവാദിത്വം, ദൈവാലയ നായകനായിരുന്നു, മഹുപുരോഹിതന്റെ തൊട്ടു താഴെയുള്ള പ്രധാനപ്പെട്ട ചുമതലയായിരുന്നു അയാൾക്ക്. മുഖ്യപുരോഹിതന്മാരടെ തലയായിരുന്നു അയാൾ. ഓരോ ആഴ്ച്ചയും മാറി മാറി ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർ അയാൾക്ക് താഴെയായിരുന്നു, നാല് മുതൽ ഒമ്പതു വരെ പുരോഹിതന്മാരായിരുന്നു അങ്ങനെ സേവിച്ചിരുന്നത്.
>
> ... ന്യായാധിപസഭയിൽ ഇരിപ്പിടവും വോട്ടുമുള്ളവർ പുരോഹിതവർഗത്തിനു ന്യായപാലനം നടത്തി ദൈവാലയത്തിൽ സ്ഥിരമായി കാര്യങ്ങൾ കൈകാര്യം ചെയ്തുവന്നവരായിരുന്നു മഹാപുരോഹിതന്മാർ.[34]

“ശാസ്ത്രിമാർ” പഴയ നിയമ പണ്ഡിതന്മാരായിരുന്നു, ന്യായപ്രമാണം പഠിപ്പിക്കലായിരുന്നു അവരുടെ ജോലി. യെഹൂദകോടതികളുടെ ഔദ്യോഗിക രേഖകൾ തയ്യാറാക്കി സൂക്ഷിക്കുവന്നവരായിരുന്നു അവർ. ആ പ്രവൃത്തി നിമിത്തം അവരെ “ന്യായശാസ്ത്രിമാർ” എന്നാണ് വിളിച്ചിരുന്നത് (22:35; ലൂക്കൊ. 5:17). പള്ളികൾ സ്ഥാപിച്ചപ്പോൾ (പ്രത്യേകമായി ബാബേൽ പ്ര

വാസകാലത്ത്), വിദ്യാഭ്യാസമുള്ള ഒരു കൂട്ടം പുരുഷന്മാർ വളർന്നു വന്നു. അവരുടെ ജോലിയായിരുന്നു, തിരുവെഴുത്തുകളുടെ പകർപ്പുകൾ സൂക്ഷിക്കുകയും വിശദമാക്കുകയും ചെയ്യുന്നത്. അവരുടെ ജോലി സാധാരണ തിരുവെഴുത്തുകൾ മുൻവശത്തു നിന്നു വായിക്കുകയും, ശാസത്രിമാർ അവരുടെ സ്ഥാനത്തിരുന്ന് വായിക്കുന്ന വേദഭാഗം പകർത്തി എഴുതുകയും ചെയ്തിരുന്നു. തിരുവെഴുത്തുകളുടെ പൂർണമായ കോപ്പികൾ അങ്ങനെ എല്ലാ പള്ളികളിലേക്കും എത്തിക്കും. തിരുവെഴുത്തുകളുടെ ഉപദേഷ്ടാക്കന്മാരായും പണ്ഡിതന്മാരായും ശാസ്ത്രിമാർ അറിയപ്പെട്ടത് അങ്ങനെയാണ് (23:2, 6–8). ഹെരോദാവ് ആലോചന ചോദിച്ച ശാസ്ത്രിമാർ യെരുശലേമിൽ താമസിച്ചവരായിരുന്നു; അവരിൽ ചിലർ ന്യായാധിപ സഭയിലെ അംഗങ്ങളും ആയിരുന്നു.

ഫലത്തിൽ, മഹാപുരോഹിതന്മാരോടും ശാസത്രിമാരോടും ഹെരോദാവ് ചോദിച്ചു, "മശിഹ എവിടെയാണ് ജനിക്കുന്നത്?" അത് മശിഹയെ പ്രതീക്ഷിക്കുന്നതിനെക്കുറിച്ചുള്ള അവന്റെ അറിവും, തിരുവെഴുത്തുകളെക്കുറിച്ചുള്ള അവന്റെ അറിവില്ലായ്മയും വെളിപ്പെടുത്തുന്നു (യോഹ 7:25–27, 40–42).

**വാക്യം 5**. ഉത്തരത്തിനായി ആ മതാദ്ധ്യക്ഷന്മാർക്ക് തിരുവെഴുത്തുകൾ പരിശോധിക്കേണ്ടി വന്നില്ല. അവർക്ക് അതറിയാമായിരുന്നതുകൊണ്ട് തിരുവെഴുത്തുകളിലെ ഉത്തരം ഹേരോദാവിനോടു പറഞ്ഞു: **യെഹൂദ്യയിലെ ബെത്ത്ലെഹേമിലാണ്** മശിഹ ജനിക്കുന്നതെന്നു മീഖാ**പ്രവാചകൻ** മുന്നറിയിച്ചിരിക്കുന്നു. **ഇങ്ങനെ എഴുതിയിരിക്കുന്നുവല്ലോ** എന്ന ആമുഖത്തോടെയായിരുന്നു മീഖായുടെ പ്രവചനം "ഇങ്ങനെ എഴുതിയിരിക്കുന്നു" (*ജിഗ്രാപ്റ്റായ്*) എന്ന് മത്തായിയുടെ സുവിശേഷത്തിൽ പലപ്രാവശ്യം കാണുന്നു, സാധാരണ പഴയ നിയമ ഉദ്ധരണിയായാണ് കൊടുത്തിരിക്കുന്നത് (2:5; 4:4, 6, 7, 10; 11:10; 21:13; 26:24, 31).

**വാക്യം 6**. മീഖാ 5:2 ന്റെ ഉദ്ധരണി ആരംഭ എബ്രായ പുസ്തകത്തിൽ നിന്നുള്ളത്, ഇങ്ങനെ വായിക്കുന്നു:

> "നീയോ, എഫ്രാത്തിലെ ബേത്ത്ലഹേമേ,
> നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതാണെങ്കിലും,
> യിസ്രായേലിനെ വാഴുവാനുള്ളവൻ നിന്നിൽ നിന്നു ഉത്ഭവിച്ചു വരും.
> അവൻ പണ്ടുപണ്ടേ ഉള്ളവനും എന്നുമെന്നേക്കുമുള്ളവനുമത്രേ."

മത്തായിയുടെ സുവിശേഷം പറയുന്നു:

> **" 'യെഹൂദ്യദേശത്തിലെ ബേത്ത്ലഹേമേ, നീ യെഹൂദ്യ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല;**
> **എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽനിന്നു പറപ്പെട്ടുവരും' "**

''എഫ്രാത്തിലെ ബെത്ത്ലഹേം'' എന്നത് കൂടുതൽ ആധുനികമാക്കി "യെഹൂദ്യാ ദേശത്തിലെ ബേത്ലഹേം" എന്നാക്കിയിരിക്കുന്നു. "യഹൂദാ സഹസ്രം" എന്നത് "യെഹൂദ്യയിലെ ദേശം," എന്നാക്കിയിരിക്കുന്നു. റോബർട്ട് എച്ച്. ഗെൺട്രി പറഞ്ഞു,

എബ്രായ ഭാഷയിൽ വ്യത്യസ്തമായ സ്വരാക്ഷരങ്ങൾ നൽകിയ വേദഭാഗത്തിൽ സ്വരൈക്യം വരുത്തിയിരിക്കുന്നു, മത്തായിയുടെ സുവിശേഷത്തിൽ "സഹസ്രം" എന്നതിനു പകരം "പ്രമാണിമാർ" എന്നാണ്; അല്ലെങ്കിൽ "ഗണം" (എംറ്റി, LXX). അങ്ങനെ അവൻ ബേത്‌ലഹേമിനെ വിശേഷിപ്പിച്ചപോലെ ഗണത്തേയും പറഞ്ഞിരിക്കുന്നു ("നീയോ, ബേത്‌ലഹേമേ"), ദാവീദിന്റെ വാഴ്ച്ചയിൽ തനിക്ക് മുമ്പുണ്ടായിരുന്നവരേക്കാൾ ശ്രേഷ്ടത്വം യേശുവിനുള്ളതായി ഉറപ്പിക്കുന്നു (1:6-11).[35]

കൂടാതെ, "എന്റെ ജനമായ യിസ്രായേലിനെ മേയ്പ്പാനുള്ളവൻ" എന്നത് ഒരു പക്ഷേ 2 ശമുവേൽ 5:2 മായി യോജിക്കുന്നതാകാം. ആ വേദഭാഗം ദാവീദിലേക്കു ബന്ധപ്പെടുന്നതും "യിസ്രായേലിന്മേലുള്ള അധിപൻ" ആയും പറയുന്നു. (ഇടയത്വ വിഷയം മീഖാ 5:4 ലും കാണാം.). അവസാനം, മീഖാ 5:2 ന്റെ അവസാന ഭാഗം ഉപേക്ഷിച്ചു.

ഈ എടുക്കലിനെക്കുറിച്ച്, ആർ. റ്റി. ഫ്രാൻസ് എഴുതി, "വേദഭാഗത്തിന്റെ പ്രായോഗികത കാണിക്കുവാനായി, മത്തായി അവ സ്വതന്ത്രമായി ഉപയോഗിക്കുകയായിരുന്നു."[36] ദൈവജനത്തെ "മേയ്ക്കുന്ന" ഒരു "ഭരണാധികാരി" ആകുവാനുള്ളവൻ ആയിരുന്നു മശിഹ. ഒരു രാജാവിനെ അല്ലെങ്കിൽ ഭരിക്കുന്നവനെ പഴയ നിയമത്തിൽ പറയുന്ന പ്രയോഗമാണ് "മേയ്ക്കുക" (2 ശമു 5:2-5; 7:4-7; യിരെ. 23:1-4; യെഹ. 34:1-24).

ആ പ്രവചനത്തെ ക്കുറിച്ച് മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും അറിയാമായിരുന്നു എങ്കിലും, ശിശുവിനെ പോയ് കാണുവാനോ അവനെ നമസ്കരിക്കുവാനോ ശ്രമിച്ചതായി നമുക്കറിയില്ല. ഇതുമായി ബന്ധപ്പെട്ട്, അവരുടെ പ്രതികരണത്തെ ബാർക്ലേ എഴുതി "തികച്ചും വ്യത്യസ്തം." പിന്നേയും അവൻ പറഞ്ഞു, "അവർ ദൈവാലയ ചടങ്ങുകളിലും അവരുടെ നിയമ ചർച്ചകളിലും മുഴുകിയിരുന്നതുകൊണ്ട് യേശുവിനെക്കുറിച്ച് കരുതിയതേ ഇല്ല."[37]

## വിദ്വാന്മാരെ ഹെരോദാവ്<br>രഹസ്യമായി കാണുന്നു (2:7, 8)

**7എന്നാറെ ഹെരോദാവു വിദ്വാന്മാരെ രഹസ്യമായി വിളിച്ചു, നക്ഷത്രം വെളിവായ സമയം അവരോടു സൂക്ഷ്മമായി ചോദിച്ചറിഞ്ഞു. 8അവരെ ബേത്‌ലഹേമിലേക്കു അയച്ചു: "നിങ്ങൾ ചെന്നു ശിശുവിനെക്കുറിച്ചു സൂക്ഷ്മമായി അന്വേഷിപ്പിൻ; കണ്ടെത്തിയാൽ ഞാനും ചെന്നു അവനെ നമസ്കരിക്കേണ്ടതിനു, വന്നു എന്നെ അറിയിപ്പിൻ എന്നു പറഞ്ഞു."**

**വാക്യം 7. ഹെരോദാവ് വിദ്വന്മാരെ** വിളിപ്പിച്ചു. വിദ്വാന്മാരെ **രഹസ്യമായി** വിളിപ്പിക്കുവാനുള്ള അവന്റെ ഉദ്ദേശം ജനങ്ങൾക്കിടയിൽ അതിനെക്കുറിച്ചുള്ള അവബോധം പരക്കാതിരിക്കാനായിരിക്കാം. വേദഭാഗം സൂചിപ്പിക്കുന്നത് കൂടുതൽ കപടമായ കാരണമാകാം. തന്റെ വാസ്തവത്തിലുള്ള ഉദ്ദേശം അവൻ വെളിപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല "രഹസ്യമായി" എന്നത് സൂചിപ്പിക്കുന്നത് വിളിപ്പിച്ചതും അവരെ കാണുന്നതും രഹസ്യമായിരുന്നു എന്നാണ്. അവർക്കു മാത്രം അറിയാവുന്ന വിവരമാണ് ഹെരോദാവ് വിദ്വാന്മാരിൽ നിന്നും അഭ്യർത്ഥിച്ചത്: **നക്ഷത്രം പ്രത്യക്ഷപ്പെട്ട കൃത്യ സമയം**. കൃത്യമായും

ശിശുവിന് എത്രപ്രായമായി എന്നു കണക്കുകൂട്ടുകയായിരുന്നു അതിന്റെ ഉദ്ദേശം (2:16).

"രഹസ്യമായി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ലത്രായി*) എന്നത് നാല് പ്രാവശ്യം മാത്രമാണ് പുതിയനിയമത്തിൽ കാണുന്നത്. അവയിൽ രണ്ടും മത്തായിയുടെ സുവിശേഷം ആദ്യത്തെ രണ്ടദ്ധ്യായങ്ങളിൽ കാണാം. പിടികൊടുക്കാനാവാത്ത ഒരു വ്യത്യാസം യോസേഫിൽ കാണാം, അവൻ മറിയയെ "രഹസ്യമായി" ഉപേക്ഷിപ്പാൻ ആഗ്രഹിച്ചത് അവളെ സംരക്ഷിപ്പാനായിരുന്നു (1:19), എന്നാൽ ദുഷ്ടനായ ഹെരോദാവ് "രഹസ്യമായി" വിദ്വാന്മാരെ കണ്ടത് ക്രിസ്തുവിനെ നശിപ്പിക്കുവാനായിരുന്നു (2:7).

**വാക്യം 8.** വിവരം ലഭിച്ചശേഷം, ഹെരോദാവ് ആ പുരുഷന്മാരെ അവരുടെ വഴിക്കു **ബേത്‌ലഹേമിലേക്കു വിട്ടു** അവർ പോയി ശിശുവിനെ കണ്ടാൽ, തനിക്കും **അവനെ നമസ്കരിക്കേണ്ടതിനു** മടങ്ങിവന്നു വിവരം അറിയിപ്പിൻ എന്ന ചുമതല അവൻ അവർക്കു കൊടുത്തു. ഹെരോദാവിനെക്കുറിച്ച് നമുക്ക് അറിയാവുന്നതു കൊണ്ട്, അവന്റെ കാപട്യത്തിൽ നമുക്ക് അതിശയിക്കുവാനില്ല. ക്രിസ്തുവിനെ നമസ്കരിക്കുക എന്ന ഉദ്ദേശം അവനില്ലായിരുന്നു; അവന്റെ ഉദ്ദേശം വളരെ വ്യക്തമായിരുന്നു. യേശുവിനെക്കുറിച്ചുള്ള വിവരം ധരിപ്പിക്കുവാൻ അവർ മടങ്ങിവന്നില്ല.

വിദ്വാന്മാരോട് ഹെരോദാവ് നിർദ്ദേശിച്ചതിനെക്കുറിച്ച്, ഫ്രാൻസ് ഈ പ്രധാന നിരീക്ഷണം നടത്തി:

> ചരിത്രപരമായി ഹെരോദാവ് ചിലപ്പോൾ സൂത്രശാലിയും മനസ്സലിവില്ലാത്തവനും ആയി വിദേശികളെ ആശ്രയിച്ച് അവരോടു സഖ്യത പുലർത്തും, അവന്റെ സംഘത്തിലുള്ളവരെ അവരോടുകൂടെ അയക്കുകയും ചെയ്യാം . എന്നാൽ ആ വിദ്വാന്മാർ മടങ്ങിവന്ന് വിവരം ധരിപ്പിക്കും എന്ന കാര്യത്തിൽ സംശയം ഉണ്ടാകാത്തതിനാൽ പടയാളികളെ അയച്ച് വിപത്തു വരുത്തുവാൻ അവൻ ആഗ്രഹിച്ചില്ല. വിവരം അറിയണമെന്നു അവന്റെ കപടമായ ഉദ്ദേശം അവന്റെ പ്രജകളെ വഞ്ചിക്കുവാനായില്ല, പക്ഷേ വിദേശികളുമായി ഒത്തുചേർന്നു പ്രവർത്തിപ്പാൻ അവൻ ആഗ്രഹിച്ചിരിക്കാം.[38]

## വിദ്വാന്മാർ ബേത്‌ലഹേമിൽ എത്തുന്നു (2:9-12)

**9 രാജാവു പറഞ്ഞതു കേട്ടു അവർ പുറപ്പെട്ടു; അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിനു മീതെ വന്നു നിൽക്കുവോളം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. നക്ഷത്രം കണ്ടതുകൊണ്ട് 10 അവർ അത്യന്തം സന്തോഷിച്ചു: 11 ആ വീട്ടിൽ ചെന്നു, ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്കരിച്ചു; 12 നിക്ഷേപപാത്രങ്ങളെ തുറന്നു അവനു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു.**

**വാക്യം 9.** വിദ്വാന്മാരെ വഴികാണിച്ച **നക്ഷത്രം** സാധാരണ ഒന്നായിരുന്നില്ല എന്ന് ആ വാക്യം തെളിയിക്കുന്നു. അത് പിന്നീട് അദൃശ്യമാകുകയോ, അല്ലെങ്കിൽ യെരുശലേമിൽ വിദ്വാന്മാർ എത്തിയപ്പോൾ അവിടെ അതു നി

ൽക്കുകയോ ചെയ്തിരിക്കാം. അവർ ബേത്‌ലഹേമിലേക്കു യാത്ര തിരിച്ചപ്പോൾ അവരുടെ സ്വർഗ്ഗീയ വഴികാട്ടിയും ചലിച്ച്, **ശിശു കിടന്നിരുന്ന സ്ഥലത്ത് അത് വരികയും അവിടെ നിൽക്കുകയും ചെയ്തു**. ആ പ്രത്യേകതയുള്ള നക്ഷത്രം വിദ്വാന്മാരെ ബേത്‌ലഹേമിലെ ആ വീട്ടിലേക്കു നയിച്ചു. അത് തെളിയിക്കുന്നത് എന്തെന്നാൽ യോഹന്നസ് കെപ്ലറിന്റേയും കാൾ വിയസിലറിന്റേയും വീക്ഷണം തെറ്റായിരുന്നു എന്നാണ് (2:2 ന്റെ പരാമർശം നോക്കുക).

**വാക്യം 10 നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു**. "നക്ഷത്രം" കിഴക്കുനിന്നും യെഹൂദ്യവരെ അവർ കാണുകയും "സന്തോഷിക്കയും" ചെയ്തു. അതേ നക്ഷത്രം തന്നെയാണ് അവരെ ബേത്‌ലഹേമിലേക്കു നയിച്ചത്, അവരുടെ ദീർഘ യാത്രയുടെ അവസാനം, ശിശുവായ യേശുവിനെ കാണുമെന്നായി. "അത്യന്തം സന്തോഷിച്ചു" എന്ന പ്രയോഗം വിദ്വാന്മാരുടെ ആവേശത്തേയും സന്തോഷത്തേയും പ്രകടമാക്കുന്നു. ഇതേ സന്തോഷം യോഹന്നാൻ സ്നാപകന്റേയും യേശുവിന്റേയും ജനനത്തെക്കുറിച്ചു ലൂക്കോസ് പറഞ്ഞപ്പോഴും കാണാം (ലൂക്കൊ 1:14, 44, 46, 47; 2:10, 14, 20).

**വാക്യം 11**. യോസേഫും **മറിയയും, ശിശുവും** അന്നു താമസിച്ചിരുന്ന **വീട്ടിലേക്കു** വിദ്വാന്മാർ പ്രവേശിച്ചു. മുമ്പു കണ്ടതുപോലെ അവിടെ പുൽതൊട്ടിയോ അല്ലെങ്കിൽ "തൊഴുത്തോ" ഉള്ളതായി പറയുന്നില്ല (ലൂക്കോ 2:7). യേശു ജനിച്ച് കുറെ കഴിഞ്ഞ ശേഷമാണ് വിദ്വാന്മാർ എത്തിയത് (ലൂക്കൊ. 2:1–20). കുടുംബം ദൈവാലയത്തിലേക്ക് പോയശേഷമാകാം അവർ അവിടെ എത്തിയത് (ലൂക്കൊ. 2:22–38), അത് മറിയയുടെ ശുദ്ധീകരണ കാലമായ നാൽപതു ദിവസം കഴിഞ്ഞിട്ടായിരുന്നു (ലൂക്കൊ. 2:22; ലേവ്യ. 12:1–4). അവർ ദൈവാലയ സന്ദർശനം നടത്തുന്നതിനു മുൻപ് വിദ്വാന്മാർ ചെന്നിരുന്നുവെങ്കിൽ ആ സാധു കുടുംബത്തിന് കാഴ്ച്ച വെക്കുവാൻ "രണ്ടു പ്രാക്കുഞ്ഞുങ്ങളും കുറുപ്രാവുകളും" കാഴ്ച്ചവെക്കുന്നതിനേക്കാൾ കൂടുതൽ നൽകുവാൻ കഴിയുമായിരുന്നു എന്നാണ് ഹെൻഡ്രിക്സൺ കണ്ടെത്തിയത് (ലൂക്കൊ. 2:23, 24; ലേവ്യാ. 12:8 നോക്കുക).[39] അതിലുപരിയായി, ലൂയിസ് പറഞ്ഞു, "വിദ്വാന്മാർ അവരെ സന്ദർശിച്ച ഉടനെയാണ് അവർ മിസ്രയിമിലേക്ക് പോയത് എന്ന പ്രതീതിയാണ് മത്തായി ഉളവാക്കുന്നത്."[40]

വിദ്വാന്മാർ അവിടെ എത്തിയപ്പോൾ, **നിലത്തു കുമ്പിട്ടു ശിശുവിനെ നമസ്ക്കരിച്ചു** (2:2 ന്റെ പരാമർശം നോക്കുക). അവന്റെ അമ്മയപ്പന്മാരെ അല്ല "അവനെയാണ്" അവർ നമസ്ക്കരിച്ചത് എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ആ പുരുഷന്മാർ ക്രിസ്തുവിന്റെ ജനനത്തിൽ ആവേശം പൂണ്ടു വന്ന ജാതികളായിരുന്നു എന്നതിനെ ഖണ്ഡിക്കുന്ന പ്രവൃത്തിയായിരുന്നു അവരുടേത്. അവർ ഒന്നുകിൽ യെഹൂദന്മാരോ, അല്ലെങ്കിൽ യെഹൂദമതാനുസാരികളോ, അതുമല്ലെങ്കിൽ ദൈവഭയമുള്ളവരോ ആകാമെന്നതിനെ പിന്താങ്ങുന്ന പ്രവർത്തിയായിരുന്നു അത്.

പുരാതനലോകത്ത്, രാജാക്കന്മാർക്ക് കാഴ്ച്ച നൽകുന്നത് ആചാരമായിരുന്നു. **സമ്മാനം** കൊടുക്കുന്ന ആൾക്ക് വലിയ കക്ഷിയോടുള്ള കീഴ്പ്പെടലും ആദരവും പ്രകടമാക്കുന്നതാണ് അത്. അതുകൊണ്ട്, വിദ്വാന്മാർ വെറും നിരീക്ഷകരായിരുന്നില്ല എന്ന് അവരുടെ സമ്മാനങ്ങൾ വ്യക്തമാക്കുന്നു. **നിക്ഷേപങ്ങൾ** എന്നു പറയുന്നത് പാത്രങ്ങളായിരുന്നു – ഒരുപക്ഷെ "നിക്ഷേപ പെട്ടികൾ" ആയിരുന്നേക്കാം. (എൻആർഎസ്‌വി, എൻഎൽടി) – അവ കാഴ്ച്ചകൊണ്ടുപോകുവാൻ ഉപയോഗിക്കുന്നതാണ്.നമ്മുടെ ഇംഗ്ലീഷ് വാക്ക്

"തെസൗറസ്" എന്നതിനു അടുത്തു നിൽക്കുന്നതാണ് ഗ്രീക്ക് വാക്ക് (*തെസൗറോസ്*), അർത്ഥം "വാക്കുകളുടെ ഖജനാവ്" എന്നാണ്.

അവർ കാഴ്ച്ച വെച്ചതു **പൊന്നും, കുന്തുരുക്കവും, മൂരും** ആയിരുന്നു. സാധാരണ രാജാക്കന്മാർക്കു നൽകുന്നതായിരുന്നു പൊന്ന് (1 രാജാ. 10:2, 10; 2 ദിന. 9:20–24; യെശ. 60:9). "ശുദ്ധമായ സുഗന്ധദ്രവ്യം പുകക്കുന്നതിന്" ഉപയോഗിക്കുന്നതാണ് "കുന്തുരുക്കം." *ബോസ്വെല്ലിയ* ഇനത്തിലുള്ള വൃക്ഷത്തിന്റെ കറ അല്ലെങ്കിൽ പശ ഉണക്കിയെടുക്കുന്നതാണ് അത്, തെക്കെ അറേബ്യയിലെ വെണ്ണക്കൽ പാറമേലാണ് ആ വൃക്ഷം വളരുന്നത്. അതു കത്തിക്കുമ്പോൾ, സുഗന്ധം വമിക്കുന്നതിനാൽ, ദൈവത്തെ ആരാധിക്കുമ്പോൾ ഉപയോഗിച്ചിരുന്നു (പുറ. 30:8, 34–38). അതിനു വേറെ പല ഉപയോഗങ്ങളുമുണ്ടായിരുന്നു, ഉദാഹരണമായി, കുഴമ്പാക്കി പുരട്ടിയിരുന്നു, ചില ഔഷധങ്ങളോടുകൂടെയും ഉപയോഗിച്ചിരുന്നു. ബാൽസാമോഡെൻഡ്രോൺ ഇനത്തിൽപെട്ട വൃക്ഷത്തിന്റെ കറ അല്ലെങ്കിൽ പശയാണ് മൂര്, അതും അറേബ്യയിലാണ് വളർന്നിരുന്നത്. അതും സുഗന്ധദ്രവ്യമായും, ചിലപ്പോൾ ബെഡ്ഡിൽ സെന്റ് ആയും ഉപയോഗിച്ചിരുന്നു. (സദൃശ. 7:17), അല്ലെങ്കിൽ വസ്ത്രങ്ങളിലും ഉപയോഗിച്ചിരുന്നു (സങ്കീ. 45:8). അതു ഒരു തരം സുഗന്ധദ്രവ്യമാണ്, തൈലാഭിഷേകത്തിനും ഉപയോഗിച്ചിരുന്നു (പുറ. 30:23–25), മൃതശരീരങ്ങളിലും സുഗന്ധത്തിനു ഉപയോഗിച്ചിരുന്നു (യോഹ. 19:39, 40). അതു വീഞ്ഞുമായി ചേർത്ത് ബോധം കെടുത്തുവാനും ഉപയോഗിച്ചിരുന്നു (മർക്കൊ. 15:23). ഇന്നു മൂരും കുന്തുരുക്കവും അത്ര വിലയുള്ളതല്ല എങ്കിലും, ക്രിസ്തുവിന്റെ കാലത്ത് അവ വിലയേറിയതായിരുന്നു എന്നാണ് ലൂയിസ് പറഞ്ഞത്. [41]

**വാക്യം 12**. ബേത്‌ലഹേം വിട്ടു പോകുന്നതിനു മുമ്പ്,യെരുശലേമിൽ **ഹെരോദാവിന്റെ അടുക്കലേക്ക് മടങ്ങി പോകരുതെന്ന് വിദ്വാന്മാർക്ക് സ്വപ്നത്തിൽ അരുളപ്പാടുണ്ടായി**. ശിശു ഉള്ള സ്ഥലം വെളിപ്പെടുത്തുവാൻ അവൻ ആഗ്രഹിച്ചിരുന്നില്ല. തൽഫലമായി, വിദ്വാന്മാർ **വേറെ വഴിയായി തങ്ങളുടെ നാട്ടിലേക്ക് തിരിച്ചു പോയി**. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം സ്വപനം മുഖാന്തരം ജനങ്ങളോട് ആശയവിനിമയം നടത്തിയിരുന്നു.[42] ദൈവം ഇപ്പോഴും സ്വപനം മുഖാന്തരം ആശയവിനിമയം നടത്തുന്നു എന്ന് ചിലർ പഠിപ്പിക്കുന്നുണ്ട്. പെന്തെകൊസ്തുനാളിൽ പരിശുദ്ധാത്മാവിനെ പകർന്നത് യോവേൽ പ്രവാചകന്റെ പ്രവചനനിറവേറലായിരുന്നു എന്നു പത്രൊസ് പറഞ്ഞു: "നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും" (പ്രവൃത്തികൾ 2:17; യോവേൽ 2:28 നോക്കുക). മുൻപ്രദർശനത്തിൽ കൂടെയും പ്രവചനത്തിൽ കൂടെയും ദൈവം ആശയവിനിമയം നടത്തിയതുപോലെ, സഭാകാലഘട്ടത്തിൽ, ഒന്നാം നൂറ്റാണ്ടിൽ ദൈവം അത്ഭുതകരമായി ആശയവിനിമയം നടത്തി. എന്നാൽ യേശുക്രിസ്തുവിന്റെ വെളിപ്പാട് പൂർണ്ണമായി നൽകി കഴിഞ്ഞപ്പോൾ അവയെല്ലാം നിന്നുപോയി (1 കൊരി. 13:8–10 നോക്കുക). ദൈവം ഇന്നു തന്റെ പുത്രൻ മുഖാന്തരം ശ്വാസിയമാക്കിയ വചനത്തിൽ കൂടെയാണ് സംസാരിക്കുന്നത് (എബ്രാ. 1:1, 2).

## പാഠങ്ങൾ

### ജ്ഞാനികളുടെ ക്രിസ്തുവിനെ അന്വേഷിക്കൽ (2:1-12)

ഇന്നു ക്രിസ്തുവിനെ അന്വേഷിക്കുന്നവർക്കും, ക്രിസ്തുവിനോടു ചേർന്ന് അവനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർക്കും കിഴക്കുനിന്നുള്ള ജ്ഞാനികൾ അന്നു ക്രിസ്തുവിനെ അന്വേഷിച്ചത് ഒരു വലിയ മാതൃകയാണ്.

*അവരുടെ അന്വേഷണം സൗകര്യപ്രദമായിരുന്നില്ല* (2:1). വിദ്വാന്മാർ അറേബ്യയിൽനിന്നോ, ബാബിലോന്യയിൽനിന്നോ, പാർസിയിൽനിന്നോ എവിടെ നിന്നു വന്നാലും അവരുടെ യാത്ര ദൈർഘ്യമേറിയതായിരുന്നു. യെരുശലേമിലേക്കുള്ള അവരുടെ യാത്ര ഫലപൂയിഷ്ട വർദ്ധനവിൽ കൂടെ ആയിരുന്നേക്കാം. ആ യാത്രക്ക് അവരുടെ പണവും, സമയവും, ഊർജവും ക്രിസ്തുവിനെ കാണുവാനായി ചെലവിട്ടു. ഇന്നും ക്രിസ്തുവിനെ വാസ്തവത്തിൽ പിൻപറ്റുവാൻ ആഗ്രഹിക്കുന്നവർ ശിഷ്യത്വത്തിനായി അതിൽ കുറഞ്ഞ് ഒന്നും പ്രതീക്ഷിക്കുവാനില്ല (ലൂക്കൊ. 9:23).

*അവരുടെ അന്വേഷണത്തിനു താഴ്മ ആവശ്യമായിരുന്നു* (2:2). ജ്ഞാനികൾ യെരുശലേമിൽ എത്തിയപ്പോൾ, അവർ ആളുകളോട് പുതിയതായി ജനിച്ച രാജാവ് എവിടെയാണ് താമസിക്കുന്നത് എന്നാണ് ചോദിച്ചത്. ഇന്നു ക്രിസ്തുവിനെ അന്വേഷിക്കുന്നവർക്ക് വചന പ്രരിജ്ഞാനമുള്ളവരോട് ചോദിച്ചു മനസിലാക്കുവാനുള്ള താഴ്മ ആവശ്യമാണ് (പ്രവൃത്തികൾ 8:30, 31).

*അവരുടെ അന്വേഷണം ഭ്രമം ഉളവാക്കി* (2:3). വിദ്വാന്മാരുടെ ചോദ്യം തന്റെ സിംഹാസനത്തിന് ഭീഷണി ആണെന്നു കരുതി ഹെരോദാവിനെ ഭ്രമിപ്പിച്ചു. അതിന്റെ ഫലമായി ഹെരോദാവ് അക്രമം അഴിച്ചുവിടുമോ എന്ന ഭയമായിരുന്നു ജനങ്ങൾക്ക്. അതുപോലെ, ഇന്നു ക്രിസ്തുവിനെ അന്വേഷിക്കുന്നവരുടെ ചോദ്യം മറ്റു പലരേയും അസ്വസ്ഥരാക്കും, കാരണം അവരുടെ ജീവിതശൈലി ക്രിസ്തുവിന്റേതിൽനിന്നും എതിരാണ്. എങ്ങനെയായാലും, വെളിച്ചം ഇരുളിനെ തുറന്നു കാണിക്കും (എഫേ. 5:6–14).

അവരുടെ അന്വേഷണം വചനാനുസരണമായിരുന്ന (2:4–6). വിദ്വാന്മാരുടെ – യെരുശലേം മുഴുവൻ വ്യാപിച്ചിരുന്നതിന്റെ – ഉത്തരത്തിന് ഹെരോദാവ് യെഹൂദമതാദ്ധ്യക്ഷന്മാരോടായിരുന്നു ചോദിച്ചത്. ക്രിസ്തു ബേത്ലഹേമിലാണ് ജനിക്കുന്നതെന്ന തിരുവെഴുത്ത് അവർക്ക് അറിയാമായിരുന്നു (മീഖാ. 5:2). ഇന്നു ക്രിസ്തുവിനെ പിൻപറ്റുവാൻ ആഗ്രഹിക്കുന്നവർ തിരുവെഴുത്ത് അവനെ കുറിച്ചു സാക്ഷ്യപ്പെടുത്തുന്നതാണ് ആവശ്യപ്പെടേണ്ടത് (പ്രവൃത്തികൾ 17:11).

*അവരുടെ അന്വേഷണം മറ്റൊരാൾക്ക് കാപട്യമായി തീർന്നു* (2:7, 8). ക്രിസ്തുവിനെ കണ്ട ശേഷം നിങ്ങൾ എന്നെ വന്ന് അറിയിപ്പിൻ എന്നാണ് ഹെരോദാവ് കൽപിച്ചത്. തനിക്കും പുതുതായി ജനിച്ച രാജാവിനെ നമസ്കരിക്കേണം എന്ന നാട്യത്താലായിരുന്നു അത്. അതുപോലെ ചിലർ ഇന്നു ക്രിസ്തുവിന്റെ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നത് കാപട്യമുള്ള ഉദ്ദേശത്തോടെയായിരിക്കും (ഫിലി. 1:17 നോക്കുക).

*അവരുടെ അന്വേഷണത്തിന്റെ ഫലമായി അത്യന്തം സന്തോഷിച്ചു* (2:9, 10). വിദ്വാന്മാർ യെരുശലേം വിട്ട് ബേത്ലഹേമിലേക്ക് പുറപ്പെട്ടപ്പോൾ, അവർ മുൻപ് കണ്ടതായ നക്ഷത്രം വീണ്ടും പ്രത്യക്ഷമായി. ശിശുവായ ക്രിസ്തു താമസിക്കുന്നതിനടുത്ത് അവർ എത്തി എന്നതു അവരെ സന്തോഷിപ്പിച്ചു. ഒരാൾ യേശുവിനെ അന്വേഷിച്ചാൽ സ്നാനമെന്ന ദൈവ കൽപന അനുസരിക്കുമ്പോൾ അവരുടെ പാപങ്ങൾ മോചിക്കപ്പെടുന്നതു നിമിത്തം സന്തോഷിക്കുവാൻ കഴിയും (പ്രവൃത്തികൾ 8:35–39). ജീവിതത്തിൽ പ്രതികൂലവശ

ങ്ങളുണ്ടാകുമെങ്കിലും, ക്രിസ്ത്യാനികളെ വിളിച്ചിരിക്കുന്നത് തുടർച്ചയായ സന്തോഷത്തിനാണ് (ഫിലി. 4:4-7).

*അവരുടെ അന്വേഷണം അവസാനിപ്പിച്ചത് രാജാവിനെ നമസ്ക്കരിച്ചു കൊണ്ടാണ്* (2:11, 12). അവർ യെരുശലേമിലെ ആ വീട്ടിൽ ചെന്നപ്പോൾ, അവരുടെ ആദ്യ പ്രവൃത്തി യേശുവിനെ നമസ്ക്കരിക്കുക എന്നതായിരുന്നു. പിന്നെ അവർ രാജാവിന്നു പൊന്ന്, കുന്തുരുക്കം, മൂര് എന്നിവ കാഴ്ച്ച വെച്ചു. ഇന്ന് അതുപോലെ യേശുവിനെ അന്വേഷിക്കുന്നവർ, അവനെ കണ്ടെത്തി നമസ്ക്കരിക്കുകയും, അവൻ ആരാണെന്നതിന് അവനു പുകഴ്ച്ച അർപ്പിച്ച് ക്രിസ്തുവിനെ സേവിക്കണം (വെളി. 5:8-14).

ഡേവിഡ് സ്റ്റുവർട്ട്

**യേശുവിനെ അന്വേഷിക്കുന്ന ജ്ഞാനം (2:1, 2)**

അവന്റെ ജനനം മുതൽ എല്ലാ നൂറ്റാണ്ടിലും ബുദ്ധിയുള്ള സ്ത്രീ പുരുഷന്മാർ യേശുവിനെ അന്വേഷിച്ചുകൊണ്ടാണിരിക്കുന്നത്. നമുക്ക് ജ്ഞാനം കുറവാണെങ്കിൽ നാം അതിനുവേണ്ടി യാചിക്കണം (7:7, 8; യാക്കൊ. 1:5-8).

യേശുവിനെ കണ്ടെത്തുവാൻ ദൈവികസഹായം ആവശ്യമാണ്. ജ്ഞാനികൾ നയിക്കപ്പെട്ടതു തിരുവെഴുത്തുകളാലും, ഒരു നക്ഷത്രം അവർക്ക് വഴികാട്ടിയുമായിരുന്നു. സ്വന്ത മനസാക്ഷിയാലോ, വഞ്ചിക്കപ്പെടുന്ന തോന്നലുകളാലോ, മാനുഷിക ജ്ഞാനത്താലോ അല്ല അവർ നയിക്കപ്പെട്ടത്.

ഇന്നു നമ്മെ നയിക്കേണ്ടതിനു നമുക്കു സഹായിയായി – ദൈവത്തിന്റെ വചനം ഉണ്ട് (സങ്കീ. 119:105; യോഹ. 17:17; പ്രവൃത്തികൾ 20:32). അതു പൂർണ്ണവും മതിയായതുമാണ് (2 കൊരി. 3:5, 6; 2 തിമൊ. 3:16, 17), ദൈവസന്നിധിയിൽ നാം തികവുള്ളവരാകുവാൻ നാം അവ പൂർണ്ണമായി അനുസരിക്കണം.

---

കുറിപ്പുകൾ

[1]യോഹന്നാൻ 7:40-44 ലെ വാദം എടുത്താൽ ആ ബന്ധം സ്ഥാപിക്കാം.. യേശു "പ്രവാചകനായിരുന്നു" (മശിഹ) എന്നു ചില യെഹൂദന്മാർ വിചാരിച്ചിരുന്നു, യേശു ഗലീലിയിൽനിന്നുള്ളവനായതുകൊണ്ട് മറ്റുള്ളവർ ആ ആശയത്തെ തള്ളിക്കളഞ്ഞു. ക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുമെന്നു തിരുവെഴുത്തു പറയുന്നത് എല്ലാ തടസങ്ങളേയും നീക്കുന്നു. [2]യൂസേബിയസ് *ലൈഫ് ഓഫ് കോൺസ്റ്റെൻഡൈൻ* 3.41-43. [3]ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രൈഫോ* 78; ഒറിജെൻ *എഗൻസ്റ്റ് സെൽസസ്* 1.51. [4]ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*,പാർട്ട്.1, ദ വേർഡ് ലിവിങ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 46. [5]ജോസേഫസ് *ആന്റികിറ്റീസ്* 14.9.2; 14.14.1-14.16.4. [6]ആർ. വി. ജി. ടാസ്കെർ, *ദ ഗോസ്പെൽ എക്കോർഡിങ് ടു സെന്റ്. മാത്യു* ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1975), 37. [7]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 35. എൻ.6. [8]ഹെരോഡോട്ടസ് *ഹിസ്റ്ററി* 1.101; 132, 140. [9]ഇബിഡ്., 1.101: 3:61-119, 126-141, 150-160. [10]തെർത്തുല്യൻ *എഗൻസ്റ്റ് മാർസിയൻ* 3.13.

[11]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്

ഹൗസ്, 1973), 152. [12]എച്ച് ലിയോ ബോൾസ്, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (നാഷ്വിലേ: ഗോസ്പെൽ അഡ്വക്കേറ്റ് കമ്പനി., 1936), 37. [13]ജസ്റ്റിൻ *ഡയലോഗ് വിത്ത് ട്രയിഫോ,* 106. [14]ക്ലമെന്റ് ഓഫ് അലെക്സാൺഡ്രിയ *സ്ട്രോമാറ്റ* 1.15; ക്രിസോസ്റ്റം *ഹോമിലി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു സെന്റ് മാത്യു* 7.1. [15]ദ സെലിബ്റേഷൻ ഓഫ് "എപിഫാനി" (ജാനുവരി 6) ഇൻ ദ വെസ്റ്റേൺചർച്ച് ഗോസ് ബാക് ടു ദ ഫോർത്ത് സെഞ്ചുറി ഇറ്റ് കമ്മെമറേറ്റ് "ദ മാനിഫെസ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് ടു ദ ജെൻടൈൽസ് ടു ദ പേർസൺസ് ഓഫ് ദ മാഗി" (എലിശബെത്ത് ഏ. ലിവിങ്സ്റ്റൺ, എഡി., *ദ കൺസൈസ് ഓക്സ്ഫോർഡ് ഡിക്ഷ്ണറി ഓഫ് ദ ക്രിസ്റ്റ്യൻ ചർച്ച്* [ന്യുയോർക്ക്.: ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1977], 175). [16]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 13. [17]ലൂയിസ് നോട്ടഡ്, "ദ ഏർലിയസ്റ്റ് റെപ്രസെന്റേഷൻ ഇൻ 'കാപെല്ലാ ഗ്രെസാ' ഓഫ് ദ പ്രിസില്ല കാറ്റാകോമ്പ് ഷോസ് ത്രീ.ഏ ലെയിറ്റർ പെയിന്റിങ് ഇൻ ദ കാറ്റാകോനപ് ഓഫ് പീറ്റർ ആന്റ് മാർസെലീനസ് ഷോസ് ടൂ മെൻ" (ലൂയിസ്, 44). [18]*എക്സർപ്റ്റാ ലാറ്റിനാ ബാർബാരി* 51ബി. [19]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13,* വേർഡ് ബിബ്ളിക്കൽ കമെന്ററി, വാല്യം, 33ഏ. (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1993), 27. [20]സൂടോണിയസ് *വെസ്പാസിയൻ* 4.5; ടാസിറ്റസ് *അനൽസ്* 5.13.

[21]ലൂയിസ്, 44. [22]ഡബ്ലിയു. എഫ്. ആൾബ്രൈറ്റ് ആന്റ് സി. എസ്. മാൻ, *മാത്യു*, ദ ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, ന്യുയോർക്ക്.: ഡബിൾഡേ ആന്റ് കമ്പനി., 1971), 12. [23]ഹാഗ്നെർ 25–26. മഹാനായ അലക്സാണ്ടറിന്റെ മാതൃകയാണ് അയാൾ കണ്ടത്. മിത്രഡേറ്റ്സ് ആന്റ് അലക്സാണ്ടർ സെവേറസ്. (നോക്കുക സിസേറോ *ഓൺ ഡിവിനേഷൻ* 1.23, 47; ജസ്റ്റിൻ ഹിസ്റ്ററി 37.2; ലാമ്പ്രിഡിയസ് *അലക്സാണ്ടർ സെവറസ്* 12; ഒറിജെൻ *എഗൻസ്റ്റ് സെൽസസ്,* 1.59.) [24]*ദമസ്ക്കസ് റൂൾ* 7.19, 20; *വാർ റൂൾ* 11.6; *ടെസ്റ്റമെന്റ് ഓഫ് ലേവി* 18.3; *ടെസ്റ്റമെന്റ് ഓഫ് ജൂഡാ* 24.1. ഇൻ ദ ജൂവിഷ് റിവോൾട്ട് ഓഫ് ഏ. ഡി. 132–135, ബാർ കോസ്ബാ (പെർഹാപ്സ് "സൺ ഓഫ് ആൻ യങ് റാം") ചെയിഞ്ച്ഡ് ഹിസ് നെയിം ടു ബാർ കോബാ ("സൺ ഓഫ് ഏ സ്റ്റാർ"). [25]ജസ്റ്റിൻ *ഡയലോഗ് വിത്ത് ട്രൈഫോ* 106; ഐറേനിയസ് *എഗൻസ്റ്റ് ഹെറെസീസ്* 3.9.2; ഒറിജെൻ *എഗൻസ്റ്റ് സെൽസസ്* 1.58–59; നോക്കുക 2 പത്രൊസ് 1:19; വെളി. 22:16. [26]കോളിൻ ഹംഫ്രെയിസ്, "ദ സ്റ്റാർ ഓഫ് ബേത്‌ലഹേം," *സയൻസ് ആന്റ് ക്രിസ്റ്റ്യൻ ബിലീഫ്* 5 (ഒക്ടോബർ 1995), 83–101. [27]ഇലിയം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു,* വാല്യം, 1, 2 ന്റ് എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1958), 17. [28]ജോൺ മാക് ആർദർ, ജൂനിയർ. *ദ മാക് ആർദർ ന്യുടെസ്റ്റമെന്റ് കമെന്ററി: മാത്യു 1–7* (ഷിക്കാഗോ: മൂഡി പ്രസ്, 1985), 29. [29]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 882. [30]മാക് ആർദർ, 31.

[31]മോറിസ്, 37. [32]ഹാഗ്നെർ, 28. [33]ലൂയിസ്, 45; നോക്കുക ജോസെഫസ് *ആന്റി കിറ്റീസ്* 20.10.1. [34]യൊയാക്കിം ജെരമ്യാസ്, *ജെറുശലേം ഇൻ ദ ടൈം ഓഫ് ജീസസ്, ട്രാൻസ്* എഫ്. എച്ച്. ആആന്റ് സി. എച്ച്. കേവ് (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1969), 180. [35]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു: ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 29. [36]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ*